**ഏഷ സാക്ഷാദ്ധരേരംശോ ജാതോ ലോകരിരക്ഷയാ**
**ഇയം ച തത്പരാ ഹി ശ്രീരനുജജ്ഞേ/നപായിനീ (4-15-6)**
**പ്രഭവോ ഹ്യാത്മന: സ്തോത്രം ജുഗുപ്സന്ത്യപി വിശ്രുതാ:**
**ഹ്രീമന്ത: പരമോദാരാ: പൗരുഷം വാ വിഗർഹിതം (4-15-25)**

മൈത്രേയൻ തുടർന്നു:
വേനൻെറ ശരീരത്തിലെ കയ്യെടുത്ത് മുനിമാർ വീണ്ടും കടഞ്ഞു. ഇത്തവണ അളവറ്റ ഊർജ്ജം പുറത്തുവരികയും ആലിംഗനബദ്ധരായ യുവമിഥുനങ്ങളായി അവ പ്രത്യക്ഷമാവുകയും ചെയ്തു. ഋഷിമാർ സംതൃപ്തരും സന്തുഷ്ടരുമായി. കാരണം, മിഥുനങ്ങളിൽ പുരുഷൻ, ഭഗവാൻെറ പ്രതിരൂപം തന്നെയെന്നും, ലോകസംരക്ഷക്കായി അവതരിച്ചിട്ടുള്ളതാണെന്നും അവർക്കറിയാമായിരുന്നു. സ്ത്രീഭാഗമാകട്ടെ സൗന്ദര്യ ദേവതയുടെ അവതാരവും. ആനന്ദവും ഐശ്വര്യവും നിറഞ്ഞ അവൾ എന്നും തൻെറ നാഥനെ പിരിയാതെയിരുന്നു. ഈ ദിവ്യമിഥുനങ്ങളുടെ ഭക്തർക്ക് മാത്രമേ അവരുടെ സവിധമണയുക സാദ്ധ്യമാവൂ. ഋഷിമാർ അവർക്ക് പൃഥു എന്നും അർചി എന്നും പേരിട്ടു. ലോകത്തിൻെറതന്നെ ആദ്യത്തെ ഭരണകർത്താവായ രാജാവ് പൃഥുവത്രെ. അദ്ദേഹം തൻെറ സാമ്രാജ്യം ഉണ്ടാക്കുകയും, ഭൂമിയെ ഫലഭൂയിഷ്ടമാക്കുകയും, ജനത്തിന് ശാന്തിയും സമാധാനവും നൽകുകയും ചെയ്തു. പൃഥുവിൻെറ ജനനം ദേവതകൾക്കും മനുഷ്യർക്കും ഒരുപോലെ ആനന്ദപ്രദമായിരുന്നു. ആകാശദേവതകൾ പാടിയും ആടിയും പൃഥുവിൻെറ ഭരണം കൊണ്ടാടി. പൃഥു പരമാത്മാവിൻെറ പ്രത്യക്ഷരൂപമെന്നു കണ്ട ദേവതകൾ എല്ലാവരും പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിനു സ്വയം കീഴടങ്ങി തങ്ങളുടെ അടയാളചിഹ്നങ്ങൾ അടിയറവെച്ചു. ബ്രാഹ്മണർ കാർമ്മീകത്വം വഹിച്ച് കിരീടധാരണം നടത്തി. ദിവ്യനദികളുടെ അധിപരായ ദേവതകൾ സ്വയം യജ്ഞജലം കൊണ്ടുവന്നു. പൃഥുവും അർചിരാജ്ഞിയും ദിവ്യപ്രഭയോടെ സിംഹാസനാരൂഢരായി.

ധനദേവതയായ കുബേരൻ സിംഹാസനം സമ്മാനിച്ചു. സമുദ്രദേവതയായ വരുണൻ ഒരു കുട സമ്മാനിച്ചു. വായുദേവത വിശറിയും, നന്മയുടെ ദേവത പ്രശസ്തിയും, ദേവന്മാരുടെ രാജാവ് കിരീടവും സമ്മാനിച്ചു. സാന്മാർഗ്ഗീകതയുടേയും നശ്വരതയുടേയും ദേവൻ ഒരു ചെങ്കോൽ സമ്മാനിച്ചു. ഏറ്റവും ഉന്നതമായ കവചമായ വിജ്ഞാനകവചം, സൃഷ്ടാവ് സ്വയം സമ്മാനിച്ചു. വിഷ്ണുഭഗവാൻ ചക്രവും, ലക്ഷമീദേവി ഐശ്വര്യവും, രുദ്രൻ ഒരു വാളും, ദുർഗ്ഗ ഒരു പരിചയും സമ്മാനം നൽകി. ചന്ദ്രദേവത കുതിരകളേയും ത്വഷ്ടാവ് രഥവും നൽകി. അഗ്നിദേവൻ വില്ലും സൂര്യഭഗവാൻ പ്രഭയേറിയ അമ്പുകളും നൽകി. ഭൂമി, മരം കൊണ്ടുണ്ടാക്കിയ മെതിയിടികൾ നൽകി. ആകാശദേവതകൾ ലളിതകലകളെക്കുറിച്ചുള്ള അറിവു നൽകി. പിന്നീട് ഋഷികൾ രാജാവിനെ അനുഗ്രഹിച്ചു. അദ്ദേത്തിൻെറ വാക്കുകൾ എന്നും സത്യമായി വരുമെന്ന് ഋഷികൾ പ്രവചിച്ചു. രാജഗായകർ ചക്രവർത്തിയുടെ അപദാനങ്ങൾ വാഴ്ത്താൻ തുടങ്ങവേ രാജാവ് അവരെ തടഞ്ഞു. “മഹാത്മാക്കളെ, നശ്വരനായ ഒരു മനുഷ്യനെ അവൻെറ മഹിമകൾ വാഴ്ത്തി പ്രത്യേകിച്ചും അവൻെറ മുന്നിൽവെച്ച് സ്തുതിക്കുന്നത് അഭിലഷണീയമല്ല. കാരണം അവൻെറ മഹത്തായ ഔന്നത്യം എപ്പോൾ വേണമെങ്കിലും ഇല്ലാതാവാം. അങ്ങിനെ അവൻ ഒരു പരിഹാസപാത്രമാവുകയും ചെയ്യും. നിങ്ങൾക്ക് ഭഗവദ്മഹിമ പാടാനുള്ള അനുവാദം എന്നുമുണ്ട്. നന്മനിറഞ്ഞവർ സ്വമഹിമകളെ വാഴ്ത്താൻ പ്രോത്സാഹനം നൽകുകയില്ല. ഞങ്ങൾ ലോകത്തിൽ ഇനിയും അറിയപ്പെടാത്തവരത്രെ. ഈ പ്രശംസക്ക് യാതൊരു നീതീകരണവുമില്ലതന്നെ.”